# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2552** — **10.12.2014 ൽ മറുപടിക്ക്**

### നെയ്യാറ്റിൻകര ജനറൽ ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്ര ഓപ്പറേഷൻ തിയേറ്ററുകളാണുള്ളത്; | (എ) രണ്ട് ഓപ്പറേഷൻ തിയേറ്ററുകളാണുള്ളത്. |
| (ബി) അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് വ്യക്തമാക്കുമോ; അണുബാധയുടെ പേരുപറഞ്ഞ് ഗർഭിണികളായ സ്ത്രീകളെയും സർജറി ആവശ്യമായ രോഗികളെയും സ്ഥലത്തെ പ്രൈവറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഒരു ഓപ്പറേഷൻ തിയേറ്ററാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. അണുബാധയെ തുടർന്ന് പ്രസ്തുത ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കുന്നതിലേക്കായി താൽക്കാലികമായി അടച്ചതിനാൽ രോഗികളെ എസ്.എ.റ്റി ആശുപത്രിയിലേയ്ക്കും, W & C ആശുപത്രിയിലേയ്ക്കും, മെഡിക്കൽ കോളേജിലേയ്ക്കും റഫർ ചെയ്തു വരുന്നു. രോഗികളെ പ്രൈവറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ; | (സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) പ്രസ്തുത ആശുപത്രിയുടെ നാല് തിയേറ്ററുകളും അടിയന്തിരമായി പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) മേജർ ഓപ്പറേഷൻ തിയേറ്ററിന്റെ മെയിന്റനൻസ് നടന്നുവരുന്നു. നിലവിലുള്ള ലേബർ റൂം എമർജൻസി ഓപ്പറേഷൻ തീയേറ്റർ ആക്കി ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ട്രോമാ കെയർ ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവർത്തനം കൂടി ഉടൻ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ